## പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

പി.എം.ജി.എസ്.വൈ പദ്ധതി

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3259

18.02.2013 ൽ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോസ് തെറ്റയിൽ<br>ശ്രീമതി ജമീലാ പ്രകാശം<br>ശ്രീ.സി.കെ.നാണു<br>ശ്രീ.മാത്യു റ്റി. തോമസ് | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ കാര്യത്തിൽ സംസ്ഥാനത്തിനു കാര്യമായ പുരോഗതി കൈവരിക്കാൻ കഴിയാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. 2008 ൽ ആരംഭിക്കേണ്ടിയിരുന്ന ഏഴാമത്തെ Phase ൽ പ്പെട്ട 257 റോഡു ആരംഭിക്കുന്നത് അനിശ്ചിത മായി നീണ്ടുപോയ സാഹചര്യത്തിലാണ് എസ്റ്റിമേറ്റ് റീവേഴ്സ് ചെയ്ത് ടെണ്ടർ നൽകാൻ 2011 –ൽ തീരുമാനിച്ചത്. |
| ബി) നിരവധി തവണ ടെൻഡർ വിളിച്ചതിനുശേഷവും പണികൾ കരാറുകാരെ ഏൽപ്പിച്ചു കൊടുക്കുവാൻ കഴിയാത്ത സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; | ബി) ഉണ്ട് 2010 ലെ എസ്റ്റിമേറ്റിൽ 42% വരെ വർദ്ധനവ് നൽകാനും അധിക ബാദ്ധ്യത വഹിക്കാനും ഗവൺമെന്റ് തീരുമാനിച്ചതിനാൽ 135 വരെ പ്രവർത്തി ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| സി) എങ്കിൽ ഇതു പരിഹരിക്കാൻ എന്തു നടപടിയാണു സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നു വിശദമാക്കുമോ? | സി) നിരവധി തവണ ടെണ്ടർ നടപടികൾക്ക് വിധേയമാക്കിയിട്ടും കരാർ ഉറപ്പിക്കാൻ കഴിയാത്ത പ്രവൃത്തികൾ 2010 ഷെഡ്യൂൾ പ്രകാരം പുതുക്കി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചത്. ടി പ്രവർത്തി |

കൾക്കെല്ലാം തന്നെ 2010 ഷെഡ്യൂൾ റേറ്റിൽ നിന്നും 42% ടെണ്ടർ പ്രീമിയം അനുവദിച്ചിട്ടുണ്ട്. കരാറുകാരുമായി നെഗോഷിയേറ്റ് ക്വട്ടേഷൻ പ്രകാരം കരാർ ഉറപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അധിക ബാദ്ധ്യത സംസ്ഥാന ഗവൺമെന്റ് വഹിക്കാൻ തീരുമാനിച്ചു.

സെക്ഷൻ ഓഫീസർ